(Pages : 4) **P – 2361**

**Reg. No. : .............................**

**Name : .................................**

**Fifth Semester B.A. Degree Examination, December 2022**

**First Degree Programme under CBCSS**

**Malayalam : Language, Culture and Literature**

**Core Course**

**ML 1545 : തിരക്കഥയും സിനിമയും**

**(2018 Admission Onwards)**

Time : 3 Hours Max. Marks : 80

I. **ഒരു** വാക്കിലോ പരമാവധി **രണ്ടു** വാക്യത്തിലോ ഉത്തരം എഴുതുക. എല്ലാ ചോദ്യങ്ങൾക്കും ഉത്തരം എഴുതണം.

1. എഡ്വിൻ എസ്. പോർട്ടറുടെ പ്രശസ്തമായ സിനിമ ദി ഗ്രേറ്റ് ട്രെയിൻ റോബറിയുടെ ചരിത്രപരമായ പ്രാധാന്യം എന്ത്?

2. ഗ്രിഫിത്ത് നിർമ്മിച്ച ക്ലാസിക് സിനിമ ഏത്?

3. മൊണ്ടാഷ് സിദ്ധാന്തത്തിന് തറക്കലിട്ട ചലച്ചിത്രകാരൻ.

4. കേരളത്തിൽ ദാദാസാഹേബ് ഫാൽക്കേ അവാർഡ് ലഭിച്ച ഏക സിനിമാസംവിധായകൻ.

5. ദേശീയ അവാർഡ് ലഭിച്ച ആദ്യ മലയാള സിനിമ.

6. അടൂർ ഗോപാലകൃഷ്ണന്റെ ആദ്യസിനിമ.

7. തിരക്കഥയ്ക്ക് ഫ്രഞ്ച് ഭാഷയിൽ പറയുന്ന പേരെന്ത്?

**P.T.O.**

8. 'കാഴ്ചയുടെ അശാന്തി' എഴുതിയത് ആര്?

9. ആദ്യത്തെ പൂർണ്ണ ഡിജിറ്റൽ സിനിമ ഏത്?

10. സെല്ലുലോയ്ഡ് എന്ന സിനിമയ്ക്ക് തിരക്കഥ എഴുതിയത് ആര്?

**(10 × 1 = 10 Marks)**

II. **ഒരു** ഖണ്ഡികയിൽ കവിയാതെ **എട്ടു** ചോദ്യത്തിന് ഉത്തരമെഴുതുക.

11. സത്യജിത് റായിയുടെ പ്രസിദ്ധമായ സിനിമത്രയം ഏതെല്ലാം? ലഘുവിവരണം നൽകുക.

12. കുറസോവയുടെ 'റാഷമൺ' സിനിമയുടെ പ്രത്യേകത എന്ത്?

13. പ്രധാനപ്പെട്ട മൊണ്ടാഷ് രീതികൾ ഏവ?

14. 'ബർത്ത് ഓഫ് എ നേഷൻ' വിമർശനവിധേയമായത് എന്തുകൊണ്ട്?

15. ഇൻഗ്മർ ബർഗ്മാന്റെ ഏതെങ്കിലും സിനിമകളെ പരിചയപ്പെടുത്തുക.

16. നിങ്ങളെ ആകർഷിച്ച ഏതെങ്കിലും ഒരു സിനിമാപഠനഗ്രന്ഥം പരിചയപ്പെടുത്തുക.

17. ഒരു സിനിമയുടെ രൂപവത്കരണത്തിനു തിരക്കഥ അനിവാര്യമാകുന്നത് എന്തുകൊണ്ട്?

18. അനുകല്പന സിനിമകൾ എന്നാലെന്ത്?

19. 'സീൻ' എന്നാലെന്ത്? ലഘുവിവരണം നൽകുക.

20. 'മീഡിയം ഷോട്ട്' എന്തെന്ന് ലഘുവായി വിവരിക്കുക.

21. ലഘുകുറിപ്പ് എഴുതുക - ദി ബൈസിക്കിൾ തീവ്സ്.

22. 'സ്ക്രീൻ തിയറി'യുടെ ലക്ഷ്യമെന്ത്?

23. തമിഴ് സിനിമയെക്കുറിച്ച് ലഘുവായി വിവരിക്കുക.

24. 'വെബ്സിനിമ'യെക്കുറിച്ച് ലഘുകുറിപ്പ് എഴുതുക.

25. സിനിമയിൽ പശ്ചാത്തലസംഗീതത്തിന്റെ പ്രാധാന്യം എന്ത്?

26. സിനിമയിൽ സംഭാഷണത്തിന്റെ പ്രസക്തി വ്യക്തമാക്കുക.

**(8 × 2 = 16 Marks)**

III. **നൂറ്റിയിരുപതു** വാക്കിൽ കവിയാതെ **ആറു** ചോദ്യത്തിന് ഉത്തരം എഴുതുക.

27. ശ്രദ്ധേയമായ സിനിമാസിദ്ധാന്തങ്ങളെ പരിചയപ്പെടുത്തുക.

28. തിരക്കഥയിൽ ഉൾച്ചേർന്നിരിക്കുന്ന ഘടകങ്ങൾ വിശദീകരിക്കുക.

29. പാഠ്യഭാഗത്തെ മുൻനിർത്തി പുനരാവിഷ്കാരസിനിമകളുടെ സൗന്ദര്യതലം വിലയിരുത്തുക.

30. ക്ലാസിക് സിനിമകളുടെ സവിശേഷതകൾ പൊതുവായി വിലയിരുത്തുക.

31. തിരക്കഥയെ ഒരു സാഹിത്യരൂപമായി പരിഗണിക്കാൻ സാധിക്കുമോ? നിങ്ങളുടെ അഭിപ്രായം വ്യക്തമാക്കുക.

32. തിരക്കഥയുടെ സവിശേഷതകൾ എന്തെല്ലാം?

33. ചിന്താവിഷ്ടയായ ശ്യാമള എന്ന സിനിമക്ക് വിമർശനാത്മകമായ ആസ്വാദനം തയ്യാറാക്കുക.

34. സെല്ലുലോയ്ഡ് എന്ന സിനിമയുടെ സാമൂഹികസാംസ്കാരിക മേഖലകളെപ്പറ്റി ചർച്ച ചെയ്യുക.

35. ചെമ്മീൻ എന്ന സിനിമയുടെ അനുവർത്തനത്തിൽ മൂലകൃതിയുടെ സൗന്ദര്യാംശം ചോർന്നു പോയിട്ടുണ്ടോ? സ്വാഭിപ്രായം വ്യക്തമാക്കുക.

36. ക്യാമറയും വസ്തുവും തമ്മിലുള്ള അകലത്തെ എങ്ങനെയെല്ലാം തരം തിരിച്ചിരിക്കുന്നു?

37. ക്യാമറ ചലിപ്പിക്കുന്നതിനുള്ള പുതിയ മാർഗ്ഗങ്ങൾ പരിചയപ്പെടുത്തുക.

38. സിനിമാ പഠനങ്ങൾ സിനിമാസ്വാദനത്തെ സ്വാധീനിക്കുന്നുണ്ടോ? നിങ്ങളുടെ അഭിപ്രായം വ്യക്തമാക്കുക.

**(6 × 4 = 24 Marks)**

IV. **മൂന്നു** പുറത്തിൽ കവിയാതെ **രണ്ടു** ചോദ്യത്തിന് ഉത്തരം എഴുതുക.

39. സാഹിത്യകൃതികൾ സിനിമയാകുമ്പോൾ സംഭവിക്കുന്ന മാറ്റങ്ങൾ പാഠഭാഗങ്ങളെ അടിസ്ഥാനമാക്കി പരിശോധിക്കുക.

40. സിനിമയിലെ പുതുപ്രവണതകളെക്കുറിച്ച് വിലയിരുത്തുക.

41. ആധുനിക കാലത്തിന്റെ കല എന്ന നിലയിൽ സിനിമയുടെ സാമൂഹിക ഇടപെടലിനെ വിലയിരുത്തുക.

42. പാശ്ചാത്യ ചലച്ചിത്ര പ്രതിഭകളെ സാമാന്യമായി പരിചയപ്പെടുത്തുക.

43. ന്യൂജനറേഷൻ സിനിമകളിൽ മലയാളിയുടെ ജീവിതത്തിൽ വരുത്തിയ മാറ്റങ്ങൾ പരിശോധിക്കുക.

44. മലയാളത്തിലെ ചലച്ചിത്ര പ്രതിഭകളെ പരിചയപ്പെടുത്തി അവരുടെ ശ്രദ്ധേയമായ സിനിമകളെക്കുറിച്ച് വിശകലനം ചെയ്യുക.

**($2 \times 15 = 30$ Marks)**

---